10

# ദോവേഗ്

# വിശ്വാസപാതക പ്രവൃത്തികളുടെ പ്രതിഫലം

# (21:12- 2:23)

തീരപ്രദേശങ്ങളുടെ രേഖാചിത്രത്തിൽ വെള്ളത്തിനടിയിൽ ആപൽക്കരമായ പാറകൾ ഉള്ളതായി അടയാളപ്പെടുത്തിയിട്ടുണ്ട്. ആ പാറകൾ ഭീഷണി ഉയർത്തുന്നവയാണെങ്കിലും നിരപരാധിത്വ ചിത്രത്തെ വെളിപ്പെടുത്തുന്നു. അവയുടെ അപകടത്തെ കുറിച്ച് അറിവില്ലാത്ത നാവികന്മാരെ ഓർമ്മിപ്പിക്കുന്നതിന് ധാരാളം വെടിയുണ്ടകൾ എപ്പോഴും ഉതിർക്കുന്നു. ആ പാറകൾ നിരപരാധിത്വം കാണിക്കുന്ന അപകടകരമായ ''വിശ്വാസ പാതകരായവരെ'' പോലെ യുള്ളതാണ്, എന്നാൽ വാസ്തവത്തിൽ അത് വിഷവും മരണവും നിറഞ്ഞിരിക്കുന്നു.

1 ശമുവേലിൽ ഏതോമ്യനായ ദോവേഗ് അത്തരം വിശ്വാസപാതകിയായി അവൻ ചെയ്തതുപോലെ ചെയ്യാതിരിക്കേണ്ടതിന് മുന്നറിയിക്കുന്നു.

ദോവേഗ് ഏതോമ്യനായിട്ടാണ് അറിയപ്പെടുന്നത്. അവൻ യിസ്രായേല്യനായിരുന്നില്ല എന്നാൽ ഏശാവിന്റെ പിൻഗാമിയായ, പരദേശിയായിരുന്നു. ദോവേഗിന്റെ വംശവും യിസ്രായേലും തമ്മിൽ ശത്രുത നിലനിന്നിരുന്നു. വിദ്യാഭ്യാസത്താലും സ്വഭാവരീതിയാലും വരുവാനിരുന്ന മിശിഹക്കുവേണ്ടി ഭക്തി സൂക്ഷിക്കുവാൻ അവനു കഴിഞ്ഞില്ല. യിസ്രായേലിന്റെ വിശ്വാസത്തോട് ദോവേഗ് പരിവർത്തനം നടത്തിയ തിനു കാരണം അവൻ മോബിൽ വെച്ച് മതപരമായ ചടങ്ങു നിർവ്വഹിച്ചിരുന്നു (21:7). ശൗലിന്റെ രാജധാനിയിൽ മുഖ്യ ഗോകുലപാലനായിരുന്നു അവൻ.

### അവന്റെ വിശ്വാസപാതക പ്രവർത്തികൾ

1 ശമുവേൽ വായിക്കുന്നവർക്ക് ദോവേഗിന്റെ വിശ്വാസപാതക സ്വഭാവം വ്യക്തമാകും. ദാവീദ് അവന്റെ പ്രാണരക്ഷാർത്ഥം ഓടുമ്പോൾ, അവൻ നോബിലെ സമാഗമന കൂടാരത്തിൽ പോയിരുന്നു. ശിലോവിന്റെ നാശത്തിനുശേഷം, ശൗൽ സമാഗമന കൂടാരവും അതിലെ ആരാധനകളും നോബിലേക്കു മാറ്റിയിരുന്നു. ദാവീദിന്റെ ജീവിതം നാശത്തിലേക്ക് പോയിരുന്നു. അവന്റെ ദൈവത്തിലുള്ള വിശ്വാസം ബലഹീനമാകുകയും, അവൻ തന്റെ സ്വന്തശക്തിയിൽ ആശ്രയിക്കുകയും ചെയ്തു. അവൻ മഹാപുരോഹിതനോട് കള്ളം പറയുകയും ഗോല്യാത്തിന്റെ വാൾ കരസ്ഥമാക്കുകയും വിശുദ്ധമായ കുറേ അപ്പം എടുക്കുകയും ചെയ്തു.

ദോവേഗിനെ കണ്ടെത്തിയ ശേഷം അവൻ പെട്ടെന്ന് നോബ് വിട്ടുപോന്നു. അവന്റെ മതപരമായ ചടങ്ങുതീർന്നശേഷം ദോവേഗ് നേരെ ശൗലിന്റെ അടുക്കൽ പോകുകയും ഈ സംഭവം മുഴുവൻ വിവരിക്കുകയും ചെയ്തു. ചിലർ പറയുന്നത് ദോവേഗിന്റെ വർത്തമാനം ആദ്യം രഹസ്യമായും പിന്നെ 22:6 മുതലുള്ള ഭാഗങ്ങളിൽ സൂചിപ്പിച്ചതുപോലെ പരസ്യമായും ആയിരുന്നു എന്നാണ്. ദോവേഗ് സത്യമായിരുന്നു പറഞ്ഞതെങ്കിലും അതിനെ കോട്ടിമറിച്ച് മറ്റൊരു രൂപം കൊടുത്തിരുന്നു (22:9, 10). അവന്റെ വാക്കുകളായിരുന്നു നിരപരാധികളായിരുന്ന പുരോഹിതന്മാരെയും പൗരോഹിത്യത്തെ മുഴുവനും മൃഗീയമായി ശൗൽ കൊന്നൊടുക്കുവാൻ കാരണം. ഈ ഭയങ്കരവും ക്രൂരവുമായ കൊല നടത്തുവാൻ രാജാവിന്റെ സേവകന്മാർ തയ്യാറാകാതിരുന്നപ്പോൾ, ശൗൽ ദോവേഗിനോടു പറഞ്ഞു, "നീ തിരിഞ്ഞ് പുരോഹിതന്മാരെ ആക്രമിക്കുക." അങ്ങനെ അവൻ അതു നടത്തി. ദോവേഗ് ആ പദ്ധതി തയ്യാറാക്കി, ശൗലിനെ ദുർവിനിയോഗിച്ച് അതു നേടി, വെറുപ്പു മൂലം നിരപരാധികളെ കൊന്നൊടുക്കി, അവന്റെ "നായക" പ്രവർത്തി അവൻ നടപ്പാക്കുവാൻ ധൈര്യപ്പെടുകയും ചെയ്തു! നമുക്ക് ഇതിനേക്കാൾ മോശമായി പ്രവർത്തിച്ച മറ്റൊരു സംഭവം ബൈബിളിൽ കണ്ടെത്താൻ കഴിയുമോ? ഏക രക്ഷപ്പെട്ടവൻ ആയി ദാവീദ് ഈ വാർത്ത കേട്ടപ്പോൾ, എഴുതിയതായിരുന്നു സങ്കീർത്തനങ്ങൾ 52.

## അവന്റെ വിശ്വാസപാതക സ്വഭാവ രീതികൾ

ദോവേഗിന്റെ സ്വഭാവത്തിൽ വിശ്വാസപാതക രീതികൾ നിഗൂഢമായി കിടക്കുന്നു. നമുക്ക് ശ്രദ്ധിച്ചു നോക്കാം കാരണം ദോവേഗ് ചെയ്തതുപോലെ നാമും ഒരുപക്ഷെ അവയെ പരിപാലിച്ചേക്കാം!

*അവൻ തന്റെ നാവ് നിരുത്തരവാദപരമായി ഉപയോഗിച്ചു* (22:9, 10; സങ്കീർത്തനങ്ങൾ 52:2, 4). മഹാപുരോഹിതൻ ദാവീദിനെ ചോദ്യം ചെയ്ത വിവരം ദോവേഗ് പറഞ്ഞില്ല. ദോവേഗ് തന്റെ വാക്കുകളെ മാറ്റി ഉപയോഗിച്ചതു തന്റെ ലക്ഷ്യം നിറവേറ്റുവാനായിരുന്നു, അവന്റെ ലക്ഷ്യം പുരോഹിതനെ ഏറ്റവും മോശമായ സ്ഥാനത്താക്കുക എന്നതുമായിരുന്നു! സങ്കീർത്തനങ്ങൾ 52:2 അക്ഷരികമായി പറയുന്നത് അവൻ "വിശ്വാസപാതകമായി പ്രവർത്തിച്ചു" എന്നാണ്. അവൻ ഓരോ വാക്കും ശ്രദ്ധാപൂർവ്വവും തന്ത്രപൂർവ്വവും മെനഞ്ഞുണ്ടാക്കി. പുരോഹിതന്മാരെ നശിപ്പിക്കുവാൻ അവന്റെ നാവിനെ ഉപയോഗിച്ചു (22:4). വിഴുങ്ങുന്ന വാക്കുകൾ എന്നാൽ മറ്റുള്ളവരുടെ ജീവൻ നശിപ്പിക്കുന്ന വാക്കുകൾ എന്നാണ്.

അശ്രദ്ധമായ നാവു എങ്ങനെ വിശ്വാസപാതകിയെ ചൂണ്ടിക്കാണിക്കുന്നു! യാക്കോബ് 3:6 പറയുന്നു, "നാവും ഒരു തീ തന്നെ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ, അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി, ജീവചക്രത്തിന് തീ കൊളുത്തുകയും, നരകത്താൽ അതിനു തീ പിടിക്കുകയും ചെയ്യുന്നു." പാപത്തിന്റെ പരീക്ഷണത്തിന് വിധേയപ്പെടുന്നതും മറ്റുള്ളവരെ വേദനിപ്പിക്കുന്ന വാക്കുകൾ പറയുന്നതും എത്ര എളുപ്പം. ദോവേഗ് ദൈവജനത്തിനെതിരായി പരദൂഷണം പറയുകയും അവരെ നശിപ്പിക്കുകയും ചെയ്തു. നമ്മുടെ നാവിനെ നമുക്ക് നിയന്ത്രിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതായിരിക്കും ഫലം. ആഭ്യന്തര യുദ്ധം നിമിത്തം നിരാശയിലായി

രുന്ന സാഹചര്യത്തിൽ, ലിങ്കൺ തന്റെ സൈനിക ഉദ്യോഗസ്ഥന്മാരെ എല്ലാം വിളിച്ചു. ഒരാൾ നിർത്താതെ സംസാരിക്കുന്ന സ്വഭാവക്കാരനായിരുന്നു. ഈ സംസാരപ്രിയനായ ഉദ്യോഗസ്ഥന്റെ തലമുടി കറുത്തതും താടി നരച്ചതുമായിരുന്നു. ലിങ്കണിന്റെ അടുത്തിരുന്ന ഉദ്യോഗസ്ഥൻ അയാളുടെ താടി നരയ്ക്കുകയും മുടി കറുത്തിരിക്കുകയും ചെയ്തത് എന്തെന്ന് ചോദിച്ചു. ലിങ്കൺ പറഞ്ഞു, "കാരണം അവൻ തന്റെ തലയെക്കാൾ കൂടുതൽ വായാണ് ഉപയോഗിക്കുന്നത്!" നിരുത്തരവാദപരമായി സംസാരിക്കുന്ന ആളുകൾക്ക് യോജിക്കുന്ന സത്യമാണ് അത്!

*അവൻ സ്വയമായി നിയന്ത്രിക്കപ്പെട്ടിരുന്നു.* ദോവേഗ് ചോദിച്ചു, "അതിൽ എനിക്ക് എന്തുണ്ട്?" അവൻ പ്രപഞ്ചത്തിന്റെ കേന്ദ്ര ബിന്ദുവായി അവനെ കണ്ടു. ശൗൽ ബുദ്ധിഭ്രമമുള്ളവനായി തനിക്കു ചുറ്റുമുള്ളവരെ ചോദ്യം ചെയ്തു (22:8). ദോവേഗ് സാഹചര്യത്തെ മുതലെടുക്കുകയായിരുന്നു.

എല്ലാ വിശ്വാസപാതകത്തിന്റേയും അടിസ്ഥാനമിതാണ്. സ്വാർത്ഥത നമ്മെ മൂടുമ്പോൾ, ദൈവത്തെ നമുക്ക് കാണുവാൻ കഴിയുകയില്ല. സ്വാർത്ഥതയാണ് ദോവേഗിനെ അത്യാഗ്രഹി ആക്കിയത്. ശൗലിന്റെ പ്രീതി സമ്പാദിക്കുവാൻ, അവൻ എന്തും ചെയ്യുവാൻ തയ്യാറായിരുന്നു! സങ്കീർത്തനങ്ങൾ 52:7 വെളിപ്പെടുത്തുന്നത് ആ സ്വാർത്ഥത അവനെ ലൗകികതയിലേക്ക് നയിക്കുന്നുവെന്നാണ് (റോമർ 1:28).

ദോവേഗിനെ പോലെ സ്വയം നിയന്ത്രിച്ച് ഇന്നും ആളുകൾ ജീവിക്കുന്നത് കാണുന്നത് എത്ര ദുഃഖകരമാണ്. അവർ അന്ധതയാലാണ് വിശ്വാസപാതകത്തിലേക്ക് തിരിയുന്നത് (1 യോഹന്നാൻ 2:15; ഫിലിപ്പിയർ 2:4; സങ്കീർത്തനങ്ങൾ 52:7).

*അവൻ ഒരു ഭീരുവായിരുന്നു.* "ദോവേഗ്" എന്ന പേരിന്റെ അക്ഷരികമായ അർത്ഥം നാണിക്കുന്നവൻ അല്ലെങ്കിൽ ഭയപ്പെടുന്നവൻ എന്നാണ്. സ്പഷ്ടമായും ദോവേഗ് തന്റെ ദുഷ്പ്രവൃത്തി ചെയ്തയുടനെ അതിനെ കുറിച്ചു പുകഴ്ത്തിയിരുന്നു: സങ്കീർത്തനങ്ങൾ 52:1 പറയുന്നു, "വീരാ, നീ കഷ്ടതയിൽ പ്രശംസിക്കുന്നതെന്ത്? ദൈവത്തിന്റെ ദയ നിരന്തരമാകുന്നു." എത്ര മ്ലേഛകരം! അവൻ കാണുന്നതിലെല്ലാം തന്നെ ഉയർത്തി ബഹുമതി സ്വയം എടുത്തു. ഇതാണ് വിശ്വാസപാതകിയുടെ ചിത്രം വ്യക്തമാക്കുന്നത് - നിഗളവും ദൈവദൂഷണവും. "സ്വാർത്ഥത" ഒരാളെ സ്വയം പുകഴ്ത്തുവാൻ ഇഷ്ടപ്പെടുന്നു, ദോവേഗ് ഇതു നന്നായി ചിത്രീകരിച്ചു കാണിക്കുന്നു (റോമർ 11:25; 12:16).

*അവൻ വെറുപ്പു നിറഞ്ഞവനായിരുന്നു.* അവനിൽ ദയയോ സഹതാപമോ ഇല്ലായിരുന്നു. ശിശുക്കളോടു ദയയോ, പ്രായമുള്ളവരോടു ബഹുമാനമോ, ജീവിതത്തോടു ആദരവോ ദോവേഗിന് ഇല്ലായിരുന്നു എന്നു നാം കേൾക്കുമ്പോൾ അവന്റെ ക്രൂരതയിൽ നാം അതിശയിച്ചുപോകും. നിരപരാധികളായ പുരോഹിതന്മാരെ കുറിച്ച് ശൗലിൽ തെറ്റിദ്ധാരണ ഉളവാക്കി പെരുമാറുന്നത് അവന്റെ നിറഞ്ഞ വെറുപ്പിനെ തെളിയിക്കുന്നു.

വിശ്വാസപാതകി നിരപരാധിയെ ബഹുമാനിക്കുന്നില്ല, എന്നാൽ അവൻ സ്വയം ബഹുമാനിക്കപ്പെടുന്നു. വിശ്വാസപാതകിയായ ഒരു വ്യക്തിയുടെ പ്രഥമ ലക്ഷ്യം സ്വയ-നേട്ടം ആയിരിക്കും. അതിനു വിഘ്നം നേരിട്ടാൽ, നശിപ്പിക്കത്തക്ക പകയായി അതു തീരും!

*അവൻ ദൈവത്തിൽ ആശ്രയിച്ചില്ല.* ആരാധനാമനോഭാവത്തിൽ അവന്റെ

വിശ്വാസക്കുറവ് വ്യക്തമാണ്. അവൻ സമാഗമനകൂടാരത്തിൽ ഉണ്ടായിരുന്നെങ്കിലും, ദൈവത്തിൽ നിന്ന് വളരെ ദൂരെ ആയിരുന്നു (സങ്കീർത്തനങ്ങൾ 52:7). അവൻ ബാഹ്യമായ ചടങ്ങുകളിലൂടെ കടന്നുപോയി എങ്കിലും ആത്മീയമനോഭാവം ഇല്ലാത്തവനായിരുന്നു. അത് ഇന്നും സംഭവിക്കുന്നുണ്ട് (1 തിമൊഥെയൊസ് 2:8).

വിശ്വാസപാതകിയായ വ്യക്തി ദൈവത്തിൽ ആശ്രയിക്കുന്നില്ല. വെറുപ്പും നിർവ്വികാരതയും മനസ്സിൽ വളർത്തുന്ന മനുഷ്യൻ കരുതുന്നത് ദൈവം അവനെ ആശ്രയിക്കുന്നു എന്നാണ്. വിശ്വാസ പാതകി തനിക്കുതന്നെ നില വാരം ഉണ്ടാക്കി അവയെ നിയമത്തെ പോലെ ആദരിക്കുകയും ചെയ്യും. വിശ്വാസപാതകിയായ വ്യക്തി ദൈവകല്പന സ്നേഹിച്ചു കൈക്കൊള്ളുന്ന കാര്യത്തിൽ മന്ദത ഉള്ളവനായിരിക്കും. വിശ്വാസപാതകി സങ്കീർത്തനങ്ങൾ 52:3-ൽ രണ്ടു മേഖലകളിൽ സന്തോഷിക്കുന്നതായി ചിത്രീകരിക്കുന്നു: (1) ദൈവത്തിന്റെ നന്മയെ തള്ളിക്കളയുമ്പോൾ ധാർമ്മിക ക്രമത്തെ മാറ്റുകയും, (2) ദൈവത്തിന്റെ നീതിയെ വിട്ടുകളയുന്നതുകൊണ്ട് നിയമ ക്രമവും ലംഘിക്കപ്പെടുന്നു.

### വിശ്വാസപാതകിയുടെ സുബോധമുള്ള പ്രതിഫലം

ദോവേഗിന്റെ ജീവിതം വെളിപ്പെടുത്തി തരുന്നത് എല്ലാ വിശ്വാസപാതകങ്ങൾക്കും മറുപടി ലഭിക്കും എന്നാണ് (ഹോശേയ 10:13). ദോവേഗിന്റെ വിശ്വാസപാതകത്തിനുള്ള അന്ത്യ അനന്തരഫലം ദുരന്തമായിരുന്നു.

*അതിനു ലഭിച്ച പ്രതിഫലം* അവൻ കൂടുതൽ പാപത്തിലേക്ക് ആണ്ടുപോയി എന്നതായിരുന്നു (സങ്കീർത്തനങ്ങൾ 52:3). പാപത്തിലേക്ക് "ആസക്തരാകുന്നത്" ഒരു വിശ്വാസപാതകിക്ക് ഒഴിവാക്കുവാൻ കഴിയുന്നില്ല. രണ്ടു പത്രൊസ് 2:14 പറയുന്നു, "അവർ വ്യഭിചാരിണിയെ കണ്ടു രസിക്കയും, പാപം കണ്ടു തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്ന കണ്ണുള്ളവരും, സ്ഥിരമില്ലാത്ത ദേഹികളെ വശീകരിക്കുന്നവരും, ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരും ആയ ശാപയോഗ്യന്മാർ." പെട്ടെന്നുതന്നെ ഒരാൾ കൂടുതൽ പരദൂഷണം, വെറുപ്പ്, കയ്പ്പ്, മുതലായവയിൽ വ്യാപൃതനായിക്കാണുന്നു. ദൈവത്തെ തള്ളിക്കളയുന്നതു കൊണ്ട് (സങ്കീർത്തനങ്ങൾ 52:3), വിശ്വാസപാതകി തെറ്റിലേക്ക് തന്നെ വിട്ടുകളയുന്നു (റോമർ 1:21-24). എത്ര ദുഃഖകരമായ ഒരു പ്രതിഫലം!

*അതിനുള്ള പ്രതിഫലം* നാശമാണ് (സങ്കീർത്തനങ്ങൾ 52:5). ക്രമമായുള്ള പദങ്ങളാലാണ് ദൈവത്തിന്റെ ന്യായവിധിയെ കുറിച്ച് വിശദീകരിച്ചിരിക്കുന്നത്. ആദ്യം, "പരാതി," പിന്നെ "നിഷ്കാസനം," അവസാനം "വിനാശം." പെട്ടെന്നുള്ള, ഉറപ്പായ, ശക്തമായ, ഒരു മാറ്റം സംഭവിക്കുന്നില്ലെങ്കിൽ അവസാനം ദുരന്ത പര്യവസാനി ആയിരിക്കുമെന്നാണ് ദൈവം മുന്നറിയിക്കുന്നത് (ലൂക്കൊസ് 13:3).

*അതിനുള്ള പ്രതിഫലം* ഒറ്റപ്പെടൽ ആണ് (22:22). ഒരാളുടെ സ്വഭാവം വെളിപ്പെടുകയും, ഒരിക്കൽ പ്രധാനം എന്നു കരുതിയതായ പ്രസിദ്ധി മങ്ങിപ്പോകയും ചെയ്യും. ദോവേഗ് എങ്ങനെയുള്ള ആളാണെന്ന് ദാവീദ് മനസ്സിലാക്കിയിരുന്നു, അതുകൊണ്ട് അവനുമായി ഒരു സഖ്യതയും അവൻ ഇഷ്ടപ്പെട്ടില്ല. ഇന്ന് വിശ്വാസപാതകിയായ മനുഷ്യൻ അതേ പ്രതികരണമാണ് പ്രതീക്ഷിക്കുന്നത് - ആരും അവനോടു അടുക്കുവാൻ അവൻ ആഗ്രഹിക്ക

യില്ല. അവന്റെ സ്വാർത്ഥമായ അഭിലാഷവും, കത്തിയുടെ – മുന പോലെ യുള്ള നാവും, തീവ്രമായ പകയും അറപ്പുളവാക്കുന്നവയാണ്.

**ഉപസംഹാരം**

ദോവേഗിൽ നിന്ന് നാം ഒരു പാഠം പഠിക്കേണ്ടതുണ്ട്: സ്വാർത്ഥത നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവരുന്ന ദുരന്താവസ്ഥയെ കുറിച്ചാണത്! നാം ദോവേഗിൽ കണ്ടെത്തുന്നത് “അന്ധമായ അഭിലാഷ” ത്തിന്റെ ഭീകരതയാണ്. ഈ ലോകത്തിൽ എന്തെങ്കിലും നേടിയാൽ മാത്രം മതി എന്നു കരുതുന്ന വർക്ക് വെളിപ്പെടുത്താത്ത നാശമാണ് വരുവാനുള്ളത്. ദോവേഗ് ചെയ്ത തുപോലെ ആയാൽ തികച്ചും സ്വാർത്ഥതയാൽ മൂടിയത് മാത്രമാണ് “അന്ധ മായ അഭിലാഷം” എന്നത്. ദോവേഗ് വിജയിച്ചു എന്ന് തോന്നിയേക്കാം – അവനു രാജാവിന്റെ അംഗീകാരം, നേട്ടങ്ങൾ, മുതലായവ ലഭിച്ചു, എന്നാൽ അവ താല്ക്കാലികമായിരുന്നു. പിന്നീട് അവിശ്വസനീയമായ വേദനയും, ആഴത്തിലുള്ള, പാപവുമായിരുന്നു ഫലം (സങ്കീർത്തനങ്ങൾ 52:5). ജീവി ക്കുന്ന എല്ലാവർക്കും ജീവിതത്തിൽ രണ്ടു തെരഞ്ഞെടുപ്പുകളാണ് ഉള്ളത്. നാം എല്ലാ മേഖലയിലും അവന്റെ വചനം അനുസരിച്ച് ദൈവത്തോടുകൂടെ ജീവിക്കണം. നാം ധനികരാകുകയോ പ്രസിദ്ധമാവുകയോ ചെയ്തെന്നുവ രികയില്ല, എന്നാൽ നമുക്ക് തൃപ്തി ലഭിക്കും. സങ്കീർത്തനങ്ങൾ 52–ൽ ഇങ്ങനെ അവസാനിപ്പിക്കുന്നു.

> ഞാനോ, ദൈവത്തിന്റെ ആലയത്തിങ്കൽ തഴച്ചിരിക്കുന്ന ഒലിവു വൃക്ഷം പോലെ ആകുന്നു; ഞാൻ ദൈവത്തിന്റെ ദയയിൽ എന്നും എന്നേക്കും ആശ്രയിക്കുന്നു. നീ അതു ചെയ്തിരിക്ക കൊണ്ട്, ഞാൻ നിനക്ക് എന്നും സ്തോത്രം ചെയ്യും, ഞാൻ നിന്റെ നാമത്തിൽ പ്രത്യാശ വെക്കും, നിന്റെ ഭൃത്യന്മാരുടെ മുൻപാകെ, അതു നല്ലതല്ലോ (സങ്കീർത്തനങ്ങൾ 52:8, 9).

അല്ലെങ്കിൽ, നാം ദൈവത്തെ കൂടാതെ, നമ്മിൽ ആശ്രയിച്ചു ജീവിക്കയും നമ്മുടെ വിശ്വാസപാതകത്തിന്റെ ഫലം അനുഭവിക്കയും ചെയ്യും. ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽ അസംഖ്യം ആളുകൾ അവരുടെ സൈന്യ ങ്ങളുമായി ബിംബങ്ങളെ ഉണ്ടാക്കുകയും, ദേശങ്ങളെ രൂപപ്പെടുത്തുകയും, ശത്രുക്കളെ കീഴ്പ്പെടുത്തുകയും ചെയ്തുവരുന്നു. ഇവർ വാസ്തവത്തിൽ “ശക്തിയുള്ള” മനുഷ്യർ അല്ല. അവരുടെ പരാജയം എപ്പോഴായാലും സംഭ വിക്കയും, അവരുടെ ചരിത്രം വിസ്മൃതിയിൽ ആണ്ടു പോകയും ചെയ്യും. എന്നാൽ നീതിമാൻ എന്നേക്കും ജീവിക്കും.

ഒരു ലേഖകൻ അഭിപ്രായപ്പെട്ടത്, “മനുഷ്യർ അഭിമുഖീകരിക്കുന്ന എല്ലാ ദുരാചാരങ്ങളിലും, വിശ്വാസപാതകം ഏറ്റവും നിന്ദ്യമായതും, വഞ്ചനയും, ഭീരുത്വവും, പ്രതികാരവും ഉള്ളതുമാണ്.” നമ്മുടെ സമൂഹം നിലകൊള്ളുന്ന ഭദ്രതയുടെയും ആത്മവിശ്വാസത്തിന്റെയും നിയമങ്ങളെ അതു നശിപ്പിക്കു ന്നതാക കൊണ്ട് വലിയ തെറ്റുകൾക്ക് ഒരിക്കലും വിശ്വാസപാതകത്തെ ന്യാ യീകരിക്കാവുന്നതല്ല. വൃണപ്പെടുത്തൽ ക്ഷമിക്കുവാനാണ് ക്രിസ്ത്യാനിത്വം പഠിപ്പിക്കുന്നത്, എന്നാൽ അവയെ വിദ്വേഷത്തോടും സൗഹൃദത്തിന്റെ വേഷ പ്രച്ഛന്നതയോടും വീക്ഷിക്കുന്നത് ധർമ്മോപകാരത്തെ അധഃപതിപ്പിക്കുകയും സാധാരണക്കാർക്കിടയിൽ നീതി ലജ്ജിപ്പിക്കുന്നതാക്കയും ചെയ്യുന്നു.

“നായ്ക്കൾ - നായ്ക്കളെ - തിന്നുന്ന” നമ്മുടെ സമൂഹത്തിലുള്ള “കഴുത്തറുക്കുന്ന” വ്യവസായ തത്വശാസ്ത്രങ്ങളിൽ, എല്ലാ ക്രിസ്ത്യാനികളും ഏദോമ്യനായിരുന്ന ദോവേഗിനെ ഓർമ്മിക്കയും നേട്ടങ്ങൾക്കുവേണ്ടി ഒരിക്കലും വിശ്വാസപാതകം നടത്തുകയില്ലെന്ന് തീരുമാനിക്കയും വേണം. ഒരാൾ തന്റെ ജീവിതാവസാനത്തിൽ പണം അടച്ചു തീർത്താൽ തീരുന്ന ഒന്നല്ല വിശ്വാസപാതകം!